## നോവൽ – മുപ്പത്തിയഞ്ച്

# അഹ്മദ് ഖലീൽ

**മർയം ജമീല**

വിവ: ഹഫ്സ



**വീട്ടിലെത്തിയ** ഇസ്മാഈൽ വാതിൽക്കൽനിന്ന് ചുറ്റുമൊന്ന് കണ്ണോടിച്ചു. ഒരു മാറ്റവുമില്ല. മൂന്നുകൊല്ലം കൊണ്ട് താൻ പഴയ ഇസ്മാഈൽ അല്ലാതായിട്ടുണ്ടെന്ന് അയാൾക്കറിയാം. തന്റെ വേഷം മാത്രമല്ല സായ്പ്പിന്റേത്, ജീവിതശൈലിയും സായ്പ്പിന്റേതുതന്നെ.

കിടക്കുകയാണ് ഉപ്പ. അരികിൽ ഉമ്മ. പണിസ്ഥലത്ത് വീണ്ടും ബോധം കെട്ടുവീണു ഉപ്പ എന്നറിയിക്കുന്ന അബ്ദുർറഹ്മാന്റെ കമ്പി കിട്ടിയ ഉടനെ ഇസ്മാഈൽ പുറപ്പെട്ടു. പൂർണമനസ്സോടെയല്ല. കിടപ്പിലായ ഉപ്പയെ ഒരുനോക്ക് കണ്ട് ഉടനെ മടങ്ങണം. പറ്റുമെങ്കിൽ കൂട്ടിക്കൊണ്ടുവരണം. കൊക്കക്കോള ഫാക്ടറി വക ആശുപത്രിയിലെ ഡോക്ടറെ കണ്ട് ഉപ്പയുടെ രോഗവിവരം പറഞ്ഞു. വിദഗ്ധ ചികിത്സ ലഭിച്ചാൽ ഭേദമാകുന്ന അസുഖമാണെന്നു മനസ്സിലാക്കി.

മുന്നിൽനിൽക്കുന്ന കറുത്ത സായ്പ്പിനെ കണ്ടപ്പോൾ അഹ്മദ് ഖലീൽ തന്റെ ഉപ്പയെ ഓർത്തുപോയി. ഉമ്മ ഒരിക്കൽ ഉപ്പയെക്കൊണ്ട് സായ്പ്പിന്റെ വൃത്തികെട്ട വേഷം അഴിച്ചുവെപ്പിച്ച രംഗവും ഓർത്തു. അയാൾ ചോദിച്ചു:

'മോനേ, അമേരിക്കക്കാർക്കു വേണ്ടി പണിയെടുത്താൽ പോരേ നിനക്ക്? അവരെപ്പോലെ വേഷം കെട്ടണോ?'

'ഫാക്ടറിയിൽ ഞങ്ങൾ എല്ലാവരുടെയും വേഷം ഇതാണ്. അങ്കി ധരിക്കരുതെന്നുണ്ട്. യന്ത്രത്തിൽ കുടുങ്ങും. ഉപ്പ എന്റെ കൂടെ വരാൻ തയാറായിക്കോ. ഡോക്ടറെ നാളെത്തന്നെ കാണണം. ഞാൻ കുറേ പൈസ അയച്ചുതന്നിട്ടും ഒരു ജോഡി ഷൂ വാങ്ങാതിരുന്നതെന്തേ?'

'എനിക്ക് ചെരുപ്പ് മതി. ഇതുവരെ

ഷൂ ധരിച്ചിട്ടില്ലാത്ത എനിക്ക്-'

'പക്ഷേ, ഉപ്പാ, ഇപ്പോൾ നമ്മൾക്ക് അതിന് കഴിവുണ്ട്. തെണ്ടികളുടെ വേഷത്തിൽ എന്റെ ഉപ്പയെ-'

'തെണ്ടികളുടെ വേഷമോ! നീ-'

'ഉപ്പ മാപ്പാക്കണം. ഞാനുദ്ദേശിച്ചത് അന്തസ്സുള്ള വേഷം ധരിക്കാൻ കഴിവുള്ളപ്പോൾ അതുപയോഗപ്പെടുത്തണമെന്നു മാത്രമാണ്.'

അടക്കാനാവാത്ത ക്ഷോഭമുണ്ടായി ഉപ്പക്കെന്നു കണ്ടപ്പോൾ ഇസ്മാഈൽ സ്വയം തിരുത്തി.

റാശിദ് പറഞ്ഞു:

'ഞാനും വരാം കൂടെ.'

ഇസ്മാഈൽ എടുത്തടിച്ചപോലെ പറഞ്ഞു:

'എന്തിന്? നിങ്ങളൊരു ഡോക്ടറാണോ, നഴ്സാണോ? ഉപ്പയെ പരിചരിക്കാൻ അവിടെ ധാരാളം നഴ്സുമാരുണ്ട്.'

ഇതു കേട്ടപ്പോൾ അസ്മ മകനെ തുറിച്ചുനോക്കി. മകന്റെ ഭാവവും സ്വരവും അവൾക്ക് തീരെ ഇഷ്ടപ്പെട്ടില്ല. എന്തൊരു ധിക്കാരം! ഇവന്റെ കൂടെ തന്റെ ഭർത്താവിനെ ഒറ്റക്ക് പറഞ്ഞയച്ചാൽ - അവ്യക്തമായ ഒരു ഭയം. പക്ഷേ, രോഗം നിശ്ശേഷം ഭേദമാകുമെങ്കിൽ -

'നിങ്ങൾ പോകണം.'

അവസാനം അവൾ പറഞ്ഞു.

അങ്ങനെ അഹ്മദ് ഖലീൽ ജിദ്ദയിലെത്തി. ഇരുപത്തഞ്ചു കൊല്ലം മുമ്പ് കണ്ട ജിദ്ദയല്ലല്ലോ ഇത് - അയാൾ വിചാരിച്ചു. പഴയ കെട്ടിടങ്ങളൊന്നും ഇപ്പോഴില്ല. ഇടുങ്ങിയ തെരുവുകളുമില്ല. യൂറോപ്പിലെ ഏതോ വൻനഗരത്തിൽ എത്തിച്ചേർന്ന പ്രതീതി. വിശാലമായ വീഥികളിലൂടെ അമേരിക്കൻ കാറുകൾ തലങ്ങും വിലങ്ങും പായുന്നു. അനവധി ബസ്സുകളും ട്രക്കുകളും. കൂറ്റൻ ബഹുനില കെട്ടിടങ്ങളിൽ കയറിയിറങ്ങുന്നവരും കാൽനടയാത്രക്കാരിൽ ഭൂരിഭാഗവും പരമ്പരാഗത അറബി വേഷത്തിലായതുകൊണ്ട് മാത്രം ഇതൊരു അമേരിക്കൻ നഗരമാണെന്ന് തെറ്റിദ്ധരിക്കില്ല ആരും.

ഫാക്ടറിയിലെ ക്ലിനിക്കിനു പുറത്ത് മണിക്കൂറുകൾ കാത്തിരിക്കേണ്ടി വന്നു അഹ്മദ് ഖലീലിന്. അവസാനം മുഷിഞ്ഞ മുഖമുള്ള ഒരു കഷണ്ടിത്തലയൻ വന്ന് അയാളെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി.

ഒരു നഴ്സുണ്ട്, പരിശോധനാ മുറിയിൽ. ഡോക്ടർ ഉടുപ്പൂരാനാവശ്യപ്പെട്ടപ്പോൾ ഒരു സ്ത്രീയുടെ മുന്നിൽ നഗ്നനായി നിൽക്കാൻ തനിക്കു വയ്യെന്നു പറഞ്ഞു അഹ്മദ് ഖലീൽ. ഡോക്ടർ അവളെ പുറത്തേക്കയച്ചു. അഹ്മദ് ഖലീൽ ഉടുപ്പുകളൂരിവെച്ചു.

'എന്താണിത്!'

എക്സ്റേ മെഷീൻ കണ്ടപ്പോൾ ഭയപ്പാടോടെ അഹ്മദ് ഖലീൽ ചോദിച്ചു. ഡോക്ടർ പറഞ്ഞു:

'ഇതാണ് എക്സ്റേ മെഷീൻ. നിങ്ങളുടെ നെഞ്ചിന്റെ എക്സ്റേ എടുക്കണം. നിങ്ങൾക്ക് വേദനിക്കുകയൊന്നുമില്ല. അനങ്ങാതെ നിൽക്കുക.'

എക്സ്റേ പരിശോധന കഴിഞ്ഞ് ഡോക്ടർ ഇസ്മാഈലിനെ വിളിപ്പിച്ചു പറഞ്ഞു:

'ക്ഷയരോഗ ബാധയാണ് നിങ്ങളുടെ പിതാവിന്. കുറേ പഴക്കമുണ്ട്. എന്നാലും ഭേദമാകും. ദീർഘകാലം ചികിത്സിക്കണം.'

'ഈ ഫാക്ടറിയിലെ ഒരു മേസ്തിരിയാണ് ഞാൻ. ചികിത്സക്ക് എനിക്ക് കിട്ടുന്ന ശമ്പളം മതിയാകുമോ?'

ഒരു ചെറുചിരിയോടെ ഡോക്ടർ പറഞ്ഞു:

'നിങ്ങളുടെ ശമ്പളം നിങ്ങൾക്കുതന്നെ സൂക്ഷിക്കാം. ഇപ്പോൾ ഒരു ആധുനിക ക്ഷേമരാഷ്ട്രമാണ് സുഊദി അറേബ്യ എന്നു നിങ്ങൾ മനസ്സിലാക്കിക്കാണുമല്ലോ. നിങ്ങളുടെ പിതാവിനാവശ്യമായ ചികിത്സ ഗവൺമെന്റ് നൽകും. ചെലവ് ഗവൺമെന്റ് വഹിക്കും. അമേരിക്കൻ ആശുപത്രിയിൽ ഏറ്റവും മെച്ചപ്പെട്ട ചികിത്സ ലഭിക്കും, നിങ്ങളുടെ പിതാവിന്ന്. വിഷമിക്കണ്ട.'

പേക്കിനാവ് കാണുകയാണോ താൻ എന്നു തോന്നിപ്പോകുംവിധം അഹ്മദ് ഖലീലിനെ പരിഭ്രാന്തനാക്കിയ കാര്യങ്ങളാണ് തുടർന്നുണ്ടായത്. വെളുത്ത ടൈൽസ് പതിച്ച ഒരു മുറിയിലേക്ക് അയാൾ മാറ്റപ്പെട്ടു. ചുമരോട് ചേർന്നുള്ള ഒരു കുളിത്തൊട്ടിയിൽ ചൂടുവെള്ളം പ്രവഹിക്കുന്നു. അത് പാതി നിറഞ്ഞപ്പോൾ നഴ്സ് ടാപ്പ് പൂട്ടി. അഹ്മദ് ഖലീലിനോട് ഉടുപ്പൂരിക്കളഞ്ഞ് അതിൽ കയറാനാവശ്യപ്പെട്ടു. നഴ്സിനെ തുറിച്ചുനോക്കിക്കൊണ്ടുനിന്നതല്ലാതെ ഉടുപ്പൂരാൻ അയാൾ കൂട്ടാക്കിയില്ല. നഴ്സ് അയാളെ സമീപിച്ചപ്പോൾ തൊട്ടുപോയാൽ കൊന്നുകളയുമെന്ന് ഭീഷണിമുഴക്കി. അപ്പോൾ ഒരു ഡസനോളം പെൺകുട്ടികൾ കയറിവന്നു - നഴ്സിംഗ് വിദ്യാർഥിനികൾ.

'ഞങ്ങൾ സഹായിക്കണോ' - കുലുങ്ങിച്ചിരിയോടെ അവർ ചോദിച്ചു.

അഹ്മദ് ഖലീൽ ചെറുത്തുനിന്നെങ്കിലും അവരെല്ലാവരും കൂടി അയാളെ കുളിപ്പിച്ചു. അനന്തരം നാല് കിടക്കകളുള്ള ഒരു മുറിയിലേക്ക് അയാളെ കൊണ്ടുവന്നു. മൂന്നും ഒഴിഞ്ഞുകിടക്കുന്നു. ഒന്നിൽ അഞ്ചാറുവയസ്സുള്ള ഒരാൺകുട്ടിയുണ്ട്. അഹ്മദ് ഖലീൽ വീതികുറഞ്ഞ കിടക്കയിൽ കിടക്കാൻ വളരെ പ്രയാസപ്പെട്ടു. ഉറക്കത്തിൽ തിരിഞ്ഞു കിടന്നാൽ വീണുപോകുമല്ലോ എന്നയാൾ ഭയപ്പെട്ടു......

ഇസ്മാഈലിന്റെ സ്വരം കേട്ടാണ് കണ്ണു തുറന്നത്. ഒരു മയക്കത്തിൽ അസുഖകരമായ സ്വപ്നത്തിലേക്ക് വഴുതിപ്പോവുകയായിരുന്നു.

'ഉപ്പാ, ഇവിടെയുള്ളവർ പറയും പോലെ കേൾക്കണം. വളരെ വേഗം അസുഖം ഭേദമാക്കാനാണ് ഇവരെല്ലാം ശ്രമിക്കുന്നത്. ഞാൻ അടുത്തുതന്നെയുണ്ട്. ദിവസവും വരാം.'

ഇസ്മാഈൽ സ്ഥലംവിട്ട് താമസിയാതെ ഒരു നഴ്സ് ഒരു ട്രേയിൽ ഭക്ഷണം കൊണ്ടുവന്നു. അതു കണ്ടപ്പോൾ അയാളുടെ വായിൽ വെള്ളമൂറി. വലിയൊരു ഇറച്ചിക്കഷ്ണമെടുത്ത് വായിലേക്കിടാൻ തുടങ്ങിയ അയാളെ പക്ഷേ, നഴ്സ് തടഞ്ഞു. അവളുടെ കൈയിൽ ഒരു ഫോർക്കുണ്ട്. അത് അയാളുടെ കൈയിൽ കൊടുത്തിട്ട് അവൾ പറഞ്ഞു:

'ഇതുകൊണ്ട് എടുത്തു തിന്നണം. കൈകൊണ്ടെടുത്ത് തിന്നാൻ പാടില്ല.'

ഫോർക്ക്കൊണ്ട് ഇറച്ചിക്കഷ്ണം കുത്തിയെടുത്ത് വായിലിടാൻ നോക്കുമ്പോൾ അത് വീണുപോകുന്നു. അയാളുടെ പ്രയാസം കണ്ട് ഒരു ചിരിയോടെ നഴ്സ് പറഞ്ഞു:

'കുട്ടികളേക്കാൾ കഷ്ടമാണല്ലോ നിങ്ങളുടെ കാര്യം. അത് ഇങ്ങോട്ടു തരൂ. ഞാൻ കാണിച്ചുതരാം-'

അഹ്മദ് ഖലീൽ ഫോർക്ക് വലിച്ചെറിഞ്ഞു. ട്രേ തള്ളിനീക്കി.

'പോ, എന്നെ എന്റെ പാട്ടിന് വിട്ടേക്ക്.'

അയാൾ പറഞ്ഞു.

രാത്രി വൈകിയിട്ടും അയാൾക്കുറക്കം വരുന്നില്ല. ഒരുപാട് നേരമായി മലർന്നുകിടക്കുന്നു. തിരിയാനും മറിയാനും പേടി. നല്ല ക്ഷീണമുണ്ടയാൾക്ക്. പേടിമൂലം ഉറക്കത്തെ അകറ്റിനിർത്തുന്നു-

പെട്ടെന്ന് ഒരു കുട്ടിയുടെ കരച്ചിൽ ഉയർന്നു:

'ഉമ്മാ, ഉമ്മാ, നോവുന്നുമ്മാ.... ഉമ്മാ...'

നഴ്സ് വന്ന് ആശ്വസിപ്പിക്കുന്നത് കേട്ടു.

കുറച്ചു നേരത്തേക്ക് നിശ്ശബ്ദത. പേടി മൂലം അകറ്റിനിർത്തപ്പെട്ടിരുന്ന ഉറക്കം മെല്ലെ തഴുകാൻ തുടങ്ങുമ്പോഴേക്കും വീണ്ടും കുട്ടിയുടെ കരച്ചിൽ: 'ഉമ്മാ..... നോവുന്നുമ്മാ..... ഉമ്മാ, ഉമ്മാ....'

അഹ്മദ് ഖലീൽ എഴുന്നേറ്റു. കുട്ടിയുടെ കിടക്കക്കരികിലേക്ക് നടന്നു. അവനെ എടുത്ത് തോളത്ത് കിടത്തി. അങ്ങോട്ടുമിങ്ങോട്ടും നടന്നു. അവന്റെ മുടിയിൽ വിരലോടിച്ച് ആശ്വസിപ്പിച്ചുകൊണ്ട് പറഞ്ഞു:

'മോൻ കരയണ്ട. ഒരു കഥ കേൾക്കണോ മോന്?'

'എനിക്ക് നോവുന്നു. ഉമ്മ എങ്ങോട്ടാ പോയേ?'

'ഉമ്മ ഇപ്പം വരും. മോൻ കഥ കേൾക്ക്.'

അവൻ ഉറങ്ങിയെന്നു കണ്ടപ്പോൾ പുതപ്പുകളെടുത്ത് അയാൾ തറയിൽ വിരിച്ചു. അവനെ അരികിൽ കിടത്തി. കെട്ടിപ്പിടിച്ചു.

ഉണരുമ്പോൾ നേരം നല്ലപോലെ വെളുത്തിരിക്കുന്നു. അരികിൽ ആരോ നിൽപുണ്ട്.

'എഴുന്നേറ്റ് കട്ടിലിൽ കയറിക്കിടക്ക്.'

നഴ്സ് കൽപിച്ചു.

കുട്ടിയെ എടുത്തപ്പോൾ അവൻ കരയാൻ തുടങ്ങി. ഒരു ഡോക്ടർ കയറിവന്നു.

'ഇവനെ കുട്ടികളുടെ വാർഡിലേക്ക് കൊണ്ടുപോവുക. ഇപ്പോൾ അവിടെ കിടക്ക ഒഴിവുണ്ട്.'

ഡോക്ടർ പറഞ്ഞു. നഴ്സ് കുട്ടിയെ എടുത്ത് സ്ഥലം വിട്ടു.

കുറച്ചു കഴിഞ്ഞപ്പോൾ വെളുത്ത കോട്ടിട്ട കുറേ ഡോക്ടർമാർ കയറിവന്നു. അരവരെ നഗ്നനാക്കി കിടത്തി അഹ്മദ് ഖലീലിനെ പരിശോധിക്കാൻ തുടങ്ങി. അയാളുടെ വാരിയെല്ലിൽ വിരലമർത്തിക്കൊണ്ട് ഒരാൾ പറഞ്ഞു:

'എ വെരി ബേഡ് കേസ്. ദിസ് ആഫ്റ്റർ നൂൺ വി മസ്റ്റ് കൊലാപ്സ് ദ ലംഗ് ദാറ്റീസ് മോസ്റ്റ് ഇൻഫെക്റ്റഡ്.'

അഹ്മദ് ഖലീലിന് മനസ്സിലാവാത്ത ഭാഷയിൽ വർത്തമാനം പറഞ്ഞുകൊണ്ട് അവർ സ്ഥലം വിട്ടു.

ശരിക്കുറങ്ങാത്തതുകൊണ്ട് കണ്ണുകൾ പുകയുന്നു. അയാളെ തിരിച്ചും മറിച്ചുമിട്ട് പരിശോധിച്ച് ഒരുപാട് കഷ്ടപ്പെടുത്തിയിരുന്നു ഹൗസ് സർജന്മാർ. ഭയങ്കര ക്ഷീണം. കണ്ണടച്ചു കിടന്നു. അകലെ ഏതോ മസ്ജിദിൽനിന്ന് ബാങ്ക് വിളിക്കുന്നു. അവ്യക്തമെങ്കിലും ശ്രുതിമധുരമായ സ്വരം. അസ്ർ നമസ്കാരം നിർവഹിക്കാൻ പുറപ്പെടാനുള്ള ക്ഷണം. കിടക്കക്കരികിലെ ചുമരിലുള്ള ജനലിന്റെ അഴികൾക്കിടയിലൂടെ അയാൾ പുറത്തേക്ക് കണ്ണയച്ചു. പുറത്ത് കോൺക്രീറ്റ് കെട്ടിടങ്ങളുടെ മതിലുകളല്ലാതെ ഒന്നും ദൃശ്യമല്ല.

പതുക്കെ അയാൾ മയക്കത്തിലാണ്ടു. അസ്മയും ദത്തുപുത്രൻ അബ്ദുർറാസിഖും അടുത്തിരുന്ന് ആശ്വാസവാക്കുകൾ പറയുന്നു. 'വേഗം നമുക്ക് വീട്ടിലേക്ക് മടങ്ങിപ്പോകണം' - അസ്മ മന്ത്രിക്കുന്നു. ഇറാഖ് അൽമൻശിയായിലെ നിരത്തിലാണ് അയാളിപ്പോൾ. പൊടിപാറുന്ന നിരത്തിലൂടെ നടക്കുകയാണയാൾ. ഇളംകാറ്റ് അയാളുടെ കവിളുകളിൽ തലോടുന്നു. പാടത്തിറങ്ങി പണിയെടുത്തു തുടങ്ങിയാൽ തന്റെ ക്ഷീണമെല്ലാം മാറും...... കുതിരപ്പുറത്ത് കയറി അതാ വരുന്നു സ്വലാഹുദ്ദീൻ അയ്യൂബി. ആയിരക്കണക്കിനു ഭടന്മാരുണ്ട് അദ്ദേഹത്തോടൊപ്പം. കൂട്ടത്തിൽ ഒരു പരിചയമുള്ള മുഖം! ഇസ്മാഈൽ! 'ബാപ്പാ, ഞങ്ങൾ ജറൂസലമിൽനിന്ന് ജൂതന്മാരെ തുരത്തി.' - അവൻ വിളിച്ചു പറയുന്നു.... പിന്നെ അയാൾ മുത്തുനബിയെ കണ്ടു. സുന്ദരനായ ഒരു യുവാവുണ്ട് തിരുദൂതരുടെ കൂടെ.

'താങ്കൾ - ?' അഹ്മദ് ഖലീൽ ചോദിച്ചു.

'എന്നെ മനസ്സിലായില്ല അല്ലേ? ഞാനാണ് ഈസബ്നു മർയം.'

അഹ്മദ് ഖലീൽ ഞെട്ടിയുണർന്ന് നബിയേ നബിയേ എന്ന് വിളിക്കാൻ തുടങ്ങി.

'അയാൾക്ക് അനസ്തേഷ്യ കൊടുക്ക്. തിയേറ്ററിലേക്ക് ഉടനെ അയാളെ മാറ്റണം.'

ആരോ പറയുന്നു.

അഹ്മദ് ഖലീൽ ചാടിയെഴുന്നേറ്റു. ചുറ്റും ഡോക്ടർമാർ. എവിടെ മുത്തുനബി? ഈസാനബി എവിടെ? മേശപ്പുറത്ത് ശസ്ത്രക്രിയക്കാവശ്യമായ ഉപകരണങ്ങൾ നിരത്തിവെച്ചിട്ടുണ്ട്. അയാളെ സമീപിച്ച ഡോക്ടറെ അയാൾ പിടിച്ചു തള്ളി. ഉപകരണങ്ങൾ തട്ടിത്തെറിപ്പിച്ചു. മുറിയിൽനിന്ന് പുറത്തേക്കോടാൻ തുനിഞ്ഞപ്പോൾ അവരയാളെ കയറിപ്പിടിച്ചു. അയാൾ കുതറിമാറാൻ ശ്രമിച്ചു. ആരോ അയാളെ ബലമായി പിടിച്ച് കിടക്കയിൽ കിടത്തി.

അടുത്ത ദിവസം രാവിലെ ഇസ്മാഈലിനോട് ഡോക്ടർ പറഞ്ഞു:

'ഇയാളെ വീട്ടിലേക്ക് കൊണ്ടുപൊയ്ക്കോളൂ. ഈ ഗുളികകൾ മുടങ്ങാതെ കൊടുക്കണം.'

ഇസ്മാഈൽ വല്ലാതായി. അയാൾ പറഞ്ഞു:

'പക്ഷേ....ഡോക്ടർ, ഇവിടെ കിടത്തി ചികിത്സിച്ചെങ്കിലേ രോഗം ഭേദമാകൂ എന്നല്ലേ - '

'അതേ. അങ്ങനെ പറഞ്ഞു. ദീർഘകാലം ചികിത്സവേണ്ടിവരും നിങ്ങളുടെ പിതാവിന്. പക്ഷേ, ഞങ്ങളെ വിഷമിപ്പിക്കുന്ന ഒരു രോഗിയെ ഇവിടെ കിടത്തിയതുകൊണ്ട് ഫലമൊന്നുമില്ല.'

'പക്ഷേ, ഡോക്ടർ, വീട്ടിലേക്ക് കൊണ്ടുപോയാൽ–'

'അതാണ് രോഗിക്ക് നല്ലത്. പഴക്കമുള്ള രോഗമാണെങ്കിലും തീവ്രപരിചരണംകൊണ്ട് മാറിക്കിട്ടും. അതിനു പൂർണ മനസ്സോടെ രോഗി ഞങ്ങൾക്ക് വിധേയനാവണം. നിങ്ങളുടെ പിതാവ് അതിന് കൂട്ടാക്കുന്നില്ല.'

വീട്ടിലേക്കു മടങ്ങാൻ തയാറെടുക്കുമ്പോൾ സന്തോഷംകൊണ്ട് കരഞ്ഞുപോയി അഹ്മദ് ഖലീൽ. ഒരു കൊച്ചുകുട്ടിയെപ്പോലെ തുള്ളിച്ചാടണമെന്നുണ്ട് മനസ്സിൽ. കുറഞ്ഞ ദിവസംകൊണ്ട് അത്രമേൽ അയാൾ ആശുപത്രി ജീവിതത്തെ വെറുത്തുപോയിരുന്നു.

വീട്ടിൽ അബ്ദുർറാസിഖ് അയാളെ കാത്തിരിക്കുന്നു. ഒരു രോഗിയെപ്പോലെയല്ല, ഏതോ ആപത്തിൽനിന്ന് രക്ഷപ്പെട്ടു വരുന്ന ഒരാളെപ്പോലെ ഹൃദ്യമായ പുഞ്ചിരിയോടെ അബ്ദുർറാസിഖിനെ അയാൾ കെട്ടിപ്പുണർന്നു.

(തുടരും)